അബ്ദുർറഹ്മാൻ കൊടിയത്തൂർ

# ഖിലാഫത്തും ഖാദിയാനികളും

**രാഷ്ട്രീയമായി ഷണ്ഡീകരിക്കപ്പെട്ട ഒരു വിഭാഗമാണ് തങ്ങളുടെ 'ആഗോള ഖിലാഫത്തി'ന്റെ പേരിൽ ഊറ്റം കൊള്ളുന്നത്! ജമാഅത്തെ ഇസ്‌ലാമിയെയും ഇഖ്‌വാനുൽ മുസ്‌ലിമൂനെയും പോലെ രാഷ്ട്രീയം ഇസ്‌ലാമിന് അന്യമല്ലെന്ന് പ്രവർത്തനങ്ങളിലൂടെ തെളിയിച്ച സംഘടനകളെ 'മതരാഷ്ട്രീയക്കാർ' എന്ന് പരിഹസിക്കുന്നത്! പല മുസ്‌ലിം സംഘടനകൾക്കും ആഗോള-ദേശീയ തലങ്ങളിൽ അമീറും പ്രസിഡന്റുമൊക്കെ ഉള്ളതുപോലെ അഹ്മദിയാ ജമാഅത്ത് എന്നവകാശപ്പെടുന്ന ഖാദിയാനികൾക്കും ലാഹോരികൾക്കും ഉള്ള നേതൃത്വത്തെ അവർ ഖലീഫ എന്ന് വിളിക്കുന്നുവെന്ന് മാത്രം.**

**മുസ്‌ലിം** സംഘടനകൾ ഒട്ടേറെയുണ്ടെങ്കിലും, അഹ്മദിയാ ജമാഅത്തിന് മാത്രമേ ലോകാടിസ്ഥാനത്തിൽ ഒരു ഖിലാഫത്തുള്ളൂവെന്നാണ് ഖാദിയാനികളുടെ അവകാശവാദം. ഇപ്പോൾ അതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ 'തിളക്ക'ത്തിൽ വൻ പ്രചാരണമാണ് ഈ വാദത്തിന് നൽകികൊണ്ടിരിക്കുന്നത്. നുബുവ്വത്തിനെയും ആഖിറത്തിനെയും ഒക്കെ ദുർവ്യാഖ്യാനിക്കുന്നതുപോലെ തന്നെ ഖിലാഫത്തിനെയും ദുർവ്യാഖ്യാനിക്കേണ്ട ഈ ഗതികേടിനെപ്പറ്റി കഷ്ടം എന്നല്ലാതെ എന്തുപറയാൻ?

### ഖിലാഫത്തിന്റെ അന്തസ്സത്ത

പ്രാതിനിധ്യം, പിന്തുടർച്ച എന്നൊക്കെയാണ് 'ഖിലാഫത്തി'ന്റെ ഭാഷാർഥം. സ്രഷ്ടാവിന്റെ പ്രതിനിധി എന്ന അർഥത്തിൽ ഖുർആൻ 'ഖലീഫ' എന്ന് പ്രയോഗിച്ചിട്ടുണ്ട്. 'ഭൂമിയിൽ ഞാനൊരു ഖലീഫയെ നിശ്ചയിക്കാൻ പോകുന്നു' (2:30) എന്നാണ് അല്ലാഹു മലക്കുകളോട് പറയുന്നത്. എന്നാൽ ഇസ്‌ലാമിലെ സാങ്കേതിക പ്രയോഗമനുസരിച്ചും ചരിത്രപരമായും ഇസ്‌ലാമിക ഭരണമാണ് ഖിലാഫത്ത് കൊണ്ടുള്ള വിവക്ഷ. പ്രവാചകനായ ദാവൂദിനോട് അല്ലാഹു പറഞ്ഞു: "ദാവൂദ്, നാം നിന്നെ ഭൂമിയിൽ ഖലീഫയാക്കി നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ നീ നീതിപൂർവം ഭരണം നടത്തുക" (26:38).

പൂർവികർക്കെന്നപോലെ ഭൂമിയിൽ പ്രാതിനിധ്യം നൽകി മതത്തിന്റെ അധീശത്വം സ്ഥാപിച്ചു തരുമെന്ന് അല്ലാഹു വിശ്വാസികൾക്ക് വാഗ്ദത്തം നൽകുന്നു (55:24).

ഇതേ പ്രകാരം 'റസൂൽ' എന്ന പദത്തിന്റെ ഭാഷാർഥം സന്ദേശവാഹകൻ, ദൂതൻ എന്നൊക്കെയാണ്. ഒരാളുടെ സന്ദേശം മറ്റൊരാൾക്കെത്തിച്ചു കൊടുക്കുന്നയാളെ റസൂൽ എന്ന് പറയാം. ദൈവത്തിന്റെ സന്ദേശം പ്രവാചകന്മാർക്ക് എത്തിച്ചുകൊടുത്ത ജിബ്‌രീലിനെപ്പറ്റി ഖുർആൻ റസൂൽ എന്ന് പരാമർശിച്ചത് ഈ അർഥത്തിലാണ്. ഇസ്‌ലാമിന്റെ സാങ്കേതിക പ്രയോഗമനുസരിച്ച് ദൈവദൂതനായ പ്രവാചകനാണ് റസൂൽ.

ഒട്ടേറെ പ്രവാചകന്മാരെപ്പോലെ മുഹമ്മദ് നബിയുടെ ദൗത്യത്തിൽ, ഒരു ഉത്തമ സാമൂഹിക വ്യവസ്ഥിതിയുടെ സംസ്ഥാപനവും ഉൾപ്പെട്ടിരുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആഭ്യന്തര-വൈദേശിക കാര്യങ്ങളുടെ നടത്തിപ്പും സൈനിക-നീതിന്യായ നിർവഹണവും പ്രവാചകന്റെ ചുമതലയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണശേഷം പ്രവാചകത്വ ദൗത്യം അവസാനിച്ചെങ്കിലും ഭരണനിർവഹണ ദൗത്യം ഖലീഫമാരിലൂടെ തുടരുകതന്നെ ചെയ്തു. എന്നാലത് കേവലം രാഷ്ട്രീയ സംവിധാനം മാത്രമായിരുന്നില്ല. പ്രവാചകത്വത്തിന്റെ പൂർണ പ്രാതിനിധ്യം അതിനുണ്ടായിരുന്നു. ഖിലാഫത്തുർറാശിദക്ക് ശേഷം അതിന്റെ ചൈതന്യം ചോർന്നുപോയെന്നത് വേറെകാര്യം.

ഖിലാഫത്തുർറാശിദയുടെ തെരഞ്ഞെടുപ്പിൽ വ്യത്യസ്ത രീതികൾ സ്വീകരിച്ചിരുന്നുവെങ്കിലും അടിസ്ഥാനപരമായി ജനാധിപത്യമായിരുന്നു അതിന്റെ കാതൽ. തെരഞ്ഞെടുക്കപ്പെട്ട ഖലീഫയെ ആർക്കും ചോദ്യം ചെയ്യാം, വിമർശിക്കാം എന്നത് മറ്റേത് ഭരണക്രമത്തേക്കാളും ഖിലാഫത്തിനെ വിശിഷ്ടമാക്കുന്നു. ഖുർആന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിൽ, ശൂറാ കൗൺസിലിന്റെ ഉപദേശ നിർദേശ പ്രകാരമായിരുന്നു ഖലീഫമാർ ഭരണം നടത്തിയിരുന്നത്.

ഖിലാഫത്തുർറാശിദക്ക് ശേഷം അമവീ, അബ്ബാസീ, ഉസ്മാനീ ഖിലാഫത്തുകളൊക്കെ ജനാധിപത്യത്തിന്റെ വഴി

വിട്ട് രാജവാഴ്ചയിലേക്കും ഏകാധിപത്യത്തിലേക്കും മാറി. ഇപ്പറഞ്ഞ ഏത് ഖിലാഫത്തിനെക്കുറിച്ചും പറയുമ്പോൾ അവരൊക്കെ മുസ്‌ലിം ലോകത്തെ ഭരണാധികാരികളായിരുന്നുവെന്ന് കേൾക്കുന്ന മാത്രയിൽതന്നെ ആർക്കും മനസ്സിലാവും. ഭരണാധികാരമില്ലാത്ത ഖിലാഫത്തിനെക്കുറിച്ചു മുസ്‌ലിം ലോകത്തിന് പരിചയമില്ല എന്നർഥം.

## ഖാദിയാനീ 'ഖിലാഫത്ത്'

1889-ൽ അഹ്മദിയാ ജമാഅത്ത് സ്ഥാപിക്കുകയും തുടർന്ന് 1891-ൽ ഈസാനബിയുടെ പകരക്കാരനായി നിയുക്തനായ വാഗ്ദത്ത മസീഹും മഹ്ദിയും കാലത്തിന്റെ ഇമാമും മുജദ്ദിദുമൊക്കെയാണെന്ന് വാദിക്കുകയും ചെയ്ത പഞ്ചാബിലെ മീർസാഗുലാം അഹ്മദ് ഖാദിയാനി 1901 ലെത്തിയപ്പോഴേക്കും പ്രവാചകത്വ വാദിയായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ 'പ്രവാചകത്വ'ത്തിൽ ഭരണം പോയിട്ട് സ്വന്തം അനുയായികൾക്ക് ശരിയായ മതനേതൃത്വം പോലും നൽകിയിരുന്നില്ല. ഖാദിയാനിലെ രണ്ടു പള്ളികളിൽ മൗലവി അബ്ദുൽകരീമും ഹകീം നൂറുദ്ദീനുമായിരുന്നു ഖുത്ബയും ഇമാമത്തും നിർവഹിച്ചു വന്നത്. സദർ അൻജുമൻ അഹ്മദിയ എന്ന ഉന്നതസഭയായിരുന്നു ധനകാര്യവും മറ്റും കൈകാര്യം ചെയ്തിരുന്നത്.

1908 മെയ് 26-ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ മരണത്തിന് ശേഷം ഹകീം നൂറുദ്ദീൻ 'ഖലീഫത്തുൽ മസീഹ്' എന്ന സ്ഥാനപ്പേരിൽ ജമാഅത്തിന്റെ നേതൃത്വം ഏറ്റെടുത്തു. 'ഖിലാഫത്ത്' എന്ന പദത്തിന്റെ അന്തസ്സ് കെടുത്തുന്നതായി അവരുടെ ആ പ്രയോഗം. ഒരു പിടി ആളുകളുടെ നേതാവിനെ അമീറെന്നോ പ്രസിഡന്റെന്നോ വിളിക്കുന്നതിനു പകരം 'ഖലീഫ' എന്ന് സംബോധന ചെയ്യുന്നതിലൂടെ എല്ലാം നേടിയെന്നാണ് ആ വിവരദോഷികൾ കരുതുന്നത്. അവരുടെ വിടുവായത്തം നോക്കുക.

"പതിമൂന്ന് നൂറ്റാണ്ടോളം മുസ്‌ലിം ഉമ്മത്തിന്റെ കണ്ണും കാതും കരളുമായ ആഗോള നേതൃത്വം എന്തുകൊണ്ട് തിരോഭവിച്ചു? ഇനിയൊരു ഖിലാഫത്ത് മുസ്‌ലിംകൾക്ക് അല്ലാഹു വിധിച്ചിട്ടില്ലേ?...

"അല്ലാഹുവിന്റെ കരങ്ങളാൽ സ്ഥാപിതമായ അഹ്മദിയാ ഖിലാഫത്തിന്റെ വിധിയിൽ വിജയം എഴുതപ്പെട്ടതാണ്..... റസൂൽ തിരുമേനിയുടെ ആത്മീയ സൗന്ദര്യം പ്രോജ്വലിപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആന്റെ അനിഷേധ്യമായ ധിഷണാശക്തിയുടെ ബലത്തിലും പാശ്ചാത്യലോകത്തെയും പൗരസ്ത്യലോകത്തെയും അഹ്മദിയാ ഖിലാഫത്ത് കീഴടക്കുന്ന കാലം വിദൂരമല്ല" (*സത്യദൂതൻ* മെയ് 2008 മുഖക്കുറിപ്പ് പേജ് 5).

ഇത് ഒരു സാദാ ഖാദിയാനിയുടെ വ്യാമോഹമായി കണ്ടാൽ മതി. എന്നാൽ 1893-ൽ ആചാര്യൻ പ്രവചിച്ചത് 'ഏഴ് വർഷങ്ങൾക്കകം താൻ മുഖേന ഇസ്‌ലാമിന്റെ ആഗോള വിജയം സംഭവിക്കും, ഈ ലോകത്തിന്റെ മുഖഛായതന്നെ മാറും' എന്നായിരുന്നു. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ താൻ കള്ളവാദിയാണെന്ന് ഖാദിയാനി പ്രവാചകൻ പ്രഖ്യാപിച്ചിരുന്നു (*സമീമയേ അൻജാമെ ആഥം* പേജ് 30).

കാലാവധിക്കു ശേഷം ഏതോ 'വിവരദോഷി'കൾ ഇതേപ്പറ്റി ചോദിച്ചപ്പോൾ 'എന്റെ ജീവിതകാലത്തോ കാലശേഷമോ ഉണ്ടാവുക എന്ന് ഖണ്ഡിതമായി പറയാൻ പറ്റില്ല, ഒരു പ്രവാചകന്റെ കാലത്തും അവരുടെ ദൗത്യം പൂർണമായി വിജയിച്ചിട്ടില്ല, കറുത്തവർക്കും ചുവന്നവർക്കും വേണ്ടി നിയുക്തനായ മുഹമ്മദിന്റെ കാലത്ത് യൂറോപ്പിലെ ഒരാൾ പോലും ഇസ്‌ലാം സ്വീകരിച്ചിരുന്നില്ലല്ലോ' എന്നായിരുന്നു മറുപടി (*സമീമയേ ബറാഹീനെ അഹ്മദിയ* വാള്യം 5 പേജ് 193).

'മസീഹ് ബീജാവാപം ചെയ്തിട്ടേയുള്ളൂ. ആഗോള വിജയത്തിന് മൂന്നു നൂറ്റാണ്ടെങ്കിലും വേണമെന്നാണ് ഈ ഏഴ് വർഷം കൊണ്ടുദ്ദേശിക്കുന്നത്' എന്നാണ് അനുയായികളുടെ മറുപടി (*തഫ്ഹീമാതെ റബ്ബാനിയ* പേജ് 618).

എന്നാൽ ആഗോള വിജയം മൂന്നാം ഖലീഫ മിർസാ നാസർ അഹ്മദിന്റെ കാലത്താണുണ്ടാവുകയെന്നാണ് 'ഇദാ ജാഅ നസ്റുല്ലാഹി വൽഫത്ഹ്' എന്ന ഖാദിയാനി വഹ്‌യിന്റെ പിൽക്കാല വിശദീകരണത്തിൽ പറയുന്നത്. ഖാദിയാനീ പൗത്രൻ മിർസാ നാസർ അഹ്മദ് മൂന്നാം ഖലീഫയായശേഷം നടത്തിയ യൂറോപ്പ് പര്യടന റിപ്പോർട്ടിൽ അദ്ദേഹത്തിന്റെ പ്രവചനങ്ങൾ കാണാം. വരുന്ന 30 വർഷങ്ങൾക്കകം അമേരിക്കയിലും സോവിയറ്റ് യൂനിയനിലും എന്നുവേണ്ട ലോകത്താകെ തന്റെ ഇസ്‌ലാം പ്രചരിക്കുമെന്നും അത് ആ വൻശക്തികൾ തമ്മിൽ നടക്കുന്ന മൂന്നാം ലോക മഹായുദ്ധത്തിന്റെ ശേഷമായിരിക്കുമെന്നും അദ്ദേഹം പറയുന്നു (ഖലീഫ III *യൂറോപ്പ് പര്യടനം* പേജ് 87, 88).

1967 ജൂലൈ 17-ന് ജർമനിയിലെ ഹാംബർഗിലാണ് ഖലീഫ ഈ പ്രവചനം നടത്തിയത്. ഇത് വെറും പ്രവചനമായിരുന്നില്ല; ഖലീഫക്ക് ലഭിച്ച 'ദിവ്യവെളിപാട'നുസരിച്ചായിരുന്നു.

1993-ൽ അന്നത്തെ ഖലീഫ മിർസാ താഹിർ അഹ്മദ് ആഗോള ബൈഅത്ത് പദ്ധതി പ്രഖ്യാപിച്ചു. ഒരു ലക്ഷമായിരുന്നു ടാർഗറ്റ്. തുടർന്ന് ഓരോ വർഷവും ഇരട്ടിക്കുന്ന വിധത്തിൽ, ഏഴെട്ട് വർഷം കൊണ്ട് ഭൂമി ഖാദിയാനികളെക്കൊണ്ട് നിറയുമെന്നായിരുന്നു പ്രവചനം. ലോകത്തിന്റെ മുക്കിലും മൂലയിലും ഇടക്കിടെ നടക്കുന്ന ആയിരങ്ങൾ പങ്കെടുക്കുന്ന ബൈഅത്ത് സമ്മേളനങ്ങളുടെ തത്സമയ പ്രക്ഷേപണം, 'മുസ്‌ലിം ടെലിവിഷൻ അഹ്മദിയ'യിൽ കണ്ടുകൊണ്ടിരിക്കുന്ന 'കുഞ്ഞാടു'കൾ ഈ മനഃപായസം കഴിച്ച് ഭാവനാ ലോകത്ത് വിലസുകയാണിന്നും.

നമുക്ക് ഖിലാഫത്തിലേക്ക് തിരിച്ചുവരാം. ഖാദിയാനികളുടെ ഒന്നാം ഖലീഫ ഹകീം നൂറുദ്ദീൻ 1914-ൽ മരിച്ചതോടെ ഖിലാഫത്തിന് ഒന്നിലേറെ സ്ഥാനാർഥികളുണ്ടായി. മിർസാ ഖാദിയാനിയുടെ അരുമശിഷ്യനും ഖാദിയാനികളുടെ ഔദ്യോഗിക ഖുർആൻ ഭാഷ്യക്കാരനുമായ മൗലവി മുഹമ്മദലിക്കായിരുന്നു ഖിലാഫത്തിന് അർഹത. എന്നാൽ ഖാദിയാനീ പുത്രൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തന്റെ നേതൃത്വത്തിൽ സ്ഥാപിച്ച 'മജ്‌ലിസെ അൻസാറുല്ലാ' എന്ന യുവസംഘടനയിലെ പ്രവർത്തകരെ ഉപയോഗിച്ച് ഖിലാഫത്ത് പിടിച്ചെടുത്തു. അതോടെ അഹ്മദിയാ ജമാഅത്ത് നെടുകെ പിളരുകയും മുഹമ്മദലിയുടെ നേതൃത്വം സ്വീകരിച്ചവർ ലാഹോർ ആസ്ഥാനമാക്കി അഹ്മദിയാ 'അൻജുമൻ ഇശാഅത്തെ ഇസ്‌ലാം ലാഹോർ' എന്ന പേരിൽ പുതിയ സംഘടന രൂപീകരിക്കുകയും ചെയ്തു.

ഖാദിയാനികൾ, ലാഹോരികൾ എന്നീ രണ്ട് വിഭാഗങ്ങൾ തമ്മിൽ വെറും ഖിലാഫത്തിന്റെ കാര്യത്തിൽ മാത്രമായിരുന്നില്ല ഭിന്നിച്ചത്. മിർസാ ഖാദിയാനിയുടെ പ്രവാചകത്വം, അദ്ദേഹത്തെ അവിശ്വസിച്ചവർ നരകാവകാശികളാകുമോ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളിൽ അവർ ഭിന്നിച്ചു. തുടർന്നുള്ള കാലങ്ങളിൽ അവർ തമ്മിൽ ഇക്കാര്യങ്ങളെച്ചൊല്ലിയും ജമാഅത്തിന്റെ സ്വത്തുക്കളെച്ചൊല്ലിയും കലഹിച്ചുകൊണ്ടിരുന്നു. അത് ഇന്നും തുടരുന്നു. രണ്ട് കൂട്ടരും തങ്ങൾക്ക് അല്ലാഹുവിൽനിന്ന് വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് വാദിക്കുകയും ചെയ്യുന്നു.

അരനൂറ്റാണ്ടു കാലം 'ഖിലാഫത്ത്' നടത്തിയ മർസാ ബശീറുദ്ദീൻ മഹ്മൂദ്

അഹ്മദിന് സ്വന്തം അനുയായികളിൽ നിന്നുതന്നെ പലപ്പോഴും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. സാമ്പത്തികവും സദാചാരപരവുമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് ഖലീഫാസ്ഥാനം രാജിവെക്കാൻ വരെ സമ്മർദമുണ്ടായി. എന്നാൽ ഉപജാപകസംഘത്തെയും ഗുണ്ടകളെയും ഉപയോഗിച്ചും പല പ്രമുഖരെയും ജമാഅത്തിൽനിന്ന് പുറത്താക്കിയുമാണ് അദ്ദേഹം ഖിലാഫത്ത് നിലനിർത്തിയത്.

നാലാം ഖലീഫയുടെ തെരഞ്ഞെടുപ്പ് സമയത്തും ഏറെ പ്രശ്നങ്ങളുണ്ടായി. ഖലീഫാ സ്ഥാനാർഥിയായ ജ്യേഷ്ഠ സഹോദരൻ മിർസാ റഫീ അഹ്മദിനെ മാസങ്ങളോളം വീട്ടുതടങ്കലിൽ ഗുണ്ടകളുടെ കാവലിൽ പാർപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഖലീഫയായത്. നേരത്തെ തന്റെ നേതൃത്വത്തിലുള്ള 'മജ്‌ലിസ് അൻസാറുല്ലാഹ്' എന്ന യുവസംഘടനയെ തന്നെയാണ് അദ്ദേഹം ഇതിനായി ഉപയോഗിച്ചത്.

## ഖലീഫമാരുടെ വഹ്‌യ് വാദം

ഖുലഫാഉർറാശിദക്ക് പോലും ദൈവിക വെളിപാടുകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഖാദിയാനീ, ലാഹോരീ ഖലീഫമാർ അല്ലാഹുവിൽനിന്ന് നിരന്തരം വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് അവകാശപ്പെടുന്നത്. മിർസാ നാസർ അഹ്മദിന്റെ മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച പ്രവചനവും നാലാം ഖലീഫ മിർസാ താഹിർ അഹ്മദിന്റെ മുബാഹലാ വെല്ലുവിളിയുമൊക്കെ വഹ്‌യുകളുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് അവർ അവകാശപ്പെട്ടിട്ടുണ്ട്. മിർസാ ബശീറുദ്ദീനാകട്ടെ ഇതു സംബന്ധമായി സമാഹാരംതന്നെ പുറത്തിറക്കിയിട്ടുണ്ട്.

മറുവശത്ത് ലാഹോരീ ഖലീഫമാർക്കും നിരന്തരം വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നു. മൗലവി മുഹമ്മദലിയുടെ ജീവചരിത്ര ഗ്രന്ഥത്തിൽ നിരവധി വഹ്‌യുകൾ പരാമർശിക്കുന്നു. 'ഞങ്ങൾക്ക് ഊമയായ ദൈവമല്ല, നിരന്തരം സംസാരിക്കുന്ന ദൈവമാണുള്ളത്' എന്നാണ് ഇതേപ്പറ്റിയുള്ള വിശദീകരണം. എന്നാൽ ഇസ്‌ലാമിൽ പ്രവാചകന്മാർക്ക് മാത്രമേ വഹ്‌യ് ലഭിക്കാറുള്ളൂ.

യഥാർഥത്തിൽ ക്രിസ്ത്യൻ പോപ്പിനെ പോലെ സ്വന്തം ഇംഗിതങ്ങൾ ദൈവികമാണെന്ന വ്യാജേന അനുയായികളിൽ അടിച്ചേൽപിക്കാനാണ് ഈ വഹ്‌യ് വാദമെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

## രാഷ്ട്രീയ നിലപാട്

ഖാദിയാനീ നേതൃത്വത്തിന്റെ രാഷ്ട്രീയ നിലപാടിൽ എന്നും ഷണ്ഡത്വമാണ് കാണാനാവുക. 'പ്രവാചക'ന്റെ കാലത്ത് ബ്രിട്ടീഷുകാരായിരുന്നു ഭരണകർത്താക്കൾ. അവരാണ് പുതിയ പ്രവാചകനെ അവരോധിച്ചതുതന്നെ എന്ന് പറയുന്നതാവും ശരി. അദ്ദേഹം ആവുന്നത്ര ബ്രിട്ടീഷ് ഗവൺമെന്റിനെ സഹായിച്ചു. അവർക്കെതിരെ ജിഹാദ് ഹറാമാക്കി, അവരോടുള്ള അനുസരണം ഈമാന്റെ പകുതിയാണെന്ന് പ്രഖ്യാപിച്ചു.

രണ്ടാം ഖലീഫയുടെ കാലത്ത് ദേശീയ പ്രസ്ഥാനം ശക്തിപ്രാപിച്ചിരുന്നുവെങ്കിലും ഖലീഫയും അനുയായികളും കോൺഗ്രസ്സിനെതിരിൽ ബ്രിട്ടീഷ് ഗവൺമെന്റിനെ ആവും വിധം സഹായിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ രഹസ്യങ്ങൾ ഗവൺമെന്റിന് നൽകി പാരിതോഷികങ്ങൾ സ്വീകരിച്ചു.

ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ ഖലീഫയും കൂട്ടരും പാകിസ്താനിലേക്ക് ചേക്കേറി. മുസ്‌ലിം ലീഗിന്റെ മന്ത്രിസഭയിൽ ഖാദിയാനീ ഖലീഫയുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന ഉപാധിയോടെയായിരുന്നു ബ്രിട്ടൻ പാകിസ്താൻ രൂപീകരണത്തിന് പച്ചക്കൊടി കാട്ടിയത്. അങ്ങനെ ലിയാഖത്ത് അലിഖാന്റെ മന്ത്രിസഭയിൽ വിദേശകാര്യ വകുപ്പ് ഖാദിയാനിയായ സർ സഫറുല്ലാഖാന് നൽകി. അതോടെ ലോകത്തെവിടെയും പാകിസ്താൻ എമ്പസികളും കോൺസുലേറ്റുകളും ഖാദിയാനീ പ്രചാരണ കേന്ദ്രങ്ങളായി മാറി. 1953-ലെ ഖാദിയാനീ വിരുദ്ധ പ്രക്ഷോഭത്തെ പട്ടാള ഭരണകൂടം അടിച്ചമർത്തുകയും 'ഖാദിയാനീ മസ്അല' എന്ന ഗ്രന്ഥമെഴുതിയതിന്റെ പേരിൽ മൗലാനാ മൗദൂദിക്ക് വധശിക്ഷ വിധിക്കുകയും ചെയ്യുന്നത്ര പാക് രാഷ്ട്രീയത്തിൽ ഖാദിയാനികൾക്ക് സ്വാധീനമുണ്ടായി.

1973-ൽ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും 1984-ൽ അവർക്കെതിരെ പ്രസിഡൻഷ്യൽ ഓർഡിനൻസ് നടപ്പിലാക്കുകയും ചെയ്തതോടെയാണ് പാകിസ്താനിൽനിന്ന് 'ഖിലാഫത്തി'ന് രക്ഷപ്പെടേണ്ടിവന്നത്.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ ഭരണകക്ഷിയായ കോൺഗ്രസ്സിനായി ഖാദിയാനികളുടെ പിന്തുണ. 1957-ൽ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ എന്തു ചെയ്യണമെന്ന് ഖലീഫയോട് ആരാഞ്ഞു. സ്റ്റേറ്റിന്റെ കാര്യം പരിഗണിക്കാതെ ദേശീയ ഭരണകൂടത്തെ പിന്തുണക്കാനായിരുന്നു നിർദേശം. എന്നാൽ 1977-ൽ ജനതാ പാർട്ടി അധികാരത്തിൽ വന്നപ്പോൾ, തൊട്ടു മുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ സഹായിച്ചവർ, ഇനിയെന്ത് ചെയ്യണമെന്ന സംശയത്തിലായി. ഭരണത്തെ പിന്തുണക്കാനായിരുന്നു നിർദേശം. പിൽക്കാലത്ത് ബി.ജെ.പിയും യു.പി.എയുമൊക്കെ മാറി മാറി ഭരിക്കുമ്പോൾ അവർ ജയിക്കുന്നവർക്കും ഭരിക്കുന്നവർക്കും സിന്ദാബാദ് വിളിക്കാൻ നിർബന്ധിതരാവുന്നു.

ഖാദിയാനിലെ മുൻസിപ്പൽ കൗൺസിലിലേക്ക് അഹ്മദിയാ മൊഹല്ലയിൽ നിന്ന് രണ്ട് പ്രതിനിധികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടാറുണ്ട്. ഭരണത്തിലേറുന്ന അകാലിദൾ, ബി.ജെ.പി, കോൺഗ്രസ് എന്നീ കക്ഷികളെ മാറി മാറി പിന്തുണക്കുകയാണ് അവർ ചെയ്യുന്നത്. ഇങ്ങനെ രാഷ്ട്രീയമായി ഷണ്ഡീകരിക്കപ്പെട്ട ഒരു വിഭാഗമാണ് തങ്ങളുടെ 'ആഗോള ഖിലാഫത്തി'ന്റെ പേരിൽ ഊറ്റം കൊള്ളുന്നത്! ജമാഅത്തെ ഇസ്‌ലാമിയെയും ഇഖ്‌വാനുൽ മുസ്‌ലിമൂനെയും പോലെ രാഷ്ട്രീയം ഇസ്‌ലാമിന് അന്യമല്ലെന്ന് പ്രവർത്തനങ്ങളിലൂടെ തെളിയിച്ച സംഘടനകളെ 'മതരാഷ്ട്രീയക്കാർ' എന്ന് പരിഹസിക്കുന്നത്!

ചുരുക്കത്തിൽ പല മുസ്‌ലിം സംഘടനകൾക്കും ആഗോള-ദേശീയ തലങ്ങളിൽ അമീറും പ്രസിഡന്റുമൊക്കെ ഉള്ളതുപോലെ അഹ്മദിയാ ജമാഅത്ത് എന്ന വകാശപ്പെടുന്ന ഖാദിയാനികൾക്കും ലാഹോരികൾക്കും ഉള്ള നേതൃത്വത്തെ അവർ ഖലീഫ എന്ന് വിളിക്കുന്നുവെന്ന് മാത്രം.

1923-ൽ ഖാദിയാനീ വിഭാഗം വീണ്ടും പിളർന്നപ്പോഴുണ്ടായ തിമാർഫൂരി ജമാഅത്തിന്റെ നേതാവിനും ഖലീഫ എന്നുതന്നെയാണ് പേരിട്ടത്. അജ്മീറിലെയും നാഗൂരിലെയും ദർഗകളെ പ്രതിനിധീകരിച്ചുകൊണ്ട് പച്ചത്തലപ്പാവുമായി ഊരുചുറ്റുന്നവരും 'ഖലീഫ'മാർ തന്നെയല്ലേ? ■